നം.എം.1/1662/റ്റിസി/03

ഹെഡ് ആഫീസ്, മോട്ടോർ വാഹനവകുപ്പ്
തിരുവനന്തപുരം, തീയ്യതി- 3.1.2004

## പരിപത്രം (സർക്കുലർ) നം.1/2004

വിഷയം : മോട്ടോർ വാഹന വകുപ്പ്- ഈ വകുപ്പിന്റെ കീഴിലുള്ള സർക്കാർ വാഹനങ്ങളുടെ ലോഗ്ബുക്ക് കൃത്യമായി പരിപാലിക്കേണ്ടത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.

പരാമർശം : അക്കൗണ്ട് ജനറലിന്റെ ആഡിറ്റ് അന്വേഷണങ്ങൾ തീയ്യതി 24-12-03

വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ പരിപാലനത്തെ സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കപ്പെടുവാൻ താത്പര്യപ്പെടുന്നു.

1. എല്ലാ വർഷാരംഭത്തിലും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിക്കുകയും ആയത് നിർദ്ദിഷ്ട ഫോറത്തിൽ സാക്ഷ്യപ്പെടുത്തി ലോഗ് ബുക്കിന്റെ ആദ്യപേജിൽ പതിച്ചിരിക്കേണ്ടതുമാണ്.

2. ലോഗ്ബുക്കിൽ പ്രസ്തുത കണക്കു രേഖപ്പെടുത്തിയിരിക്കുന്ന പേജിലെ 5-ാം കോളത്തിൽ ഉത്തരവാദപ്പെട്ട മേധാവി പേരും, ഉദ്യോഗപേരും രേഖപ്പെടുത്തി കൈയ്യൊപ്പിട്ടിരിക്കേണ്ടതാണ്.

3. നിറയ്ക്കപ്പെടുന്ന ഇന്ധനത്തിന്റെ ഉപയോഗത്തെക്കുറിച്ച് അർഹതപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സംഗ്രഹം (മന്ത്‌ലി അബ്സ്ട്രാക്റ്റ് ) ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

4. വാഹനങ്ങൾ അറ്റകുറ്റപ്പണികൾ നടത്തപ്പെടുമ്പോൾ ഉപയോഗശൂന്യമായ വാഹനഭാഗങ്ങൾ രേഖപ്പെടുത്തി വയ്ക്കാനുള്ള ഒരു രജിസ്റ്ററും ആഫീസിൽ സ്ഥിതി ചെയ്യുന്ന വാഹനങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് രേഖപ്പെടുത്തിയ ഒരു രജിസ്റ്ററും കൂടി സൂക്ഷിക്കേണ്ടതാണ്.

സർക്കുലർ കൈപറ്റിയ വിവരം അറിയിക്കേണ്ടതാണ്.

( ഒപ്പ് )
ട്രാൻസ്പോർട്ട് കമ്മീഷണർ

**********